Draft #3 of File 66598/AC B 7-2/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 19-Apr-2021 07:01 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

തൃക്കാക്കര ഭാരതമാതാ കോളേജിന് സ്വയംഭരണ പദവി അനുവദിക്കുന്നതിനായി കോളേജ് സമർപ്പിച്ച അപേക്ഷ - ടി വിഷയം പരിശോധിക്കുന്നതിന് ഇൻസ്പെക്ഷൻ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 2082/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 20.04.2021

*പരാമർശം:*-1) 30/10/2020-ലെ BMC/Auto./258M/2020-21 നമ്പർ കത്ത്.
2) 17 /11/2020 തീയതിയിലെ 66598/ACB7-2/2020/ACB 7 നമ്പർ കത്ത്
3) 22/03/2021-ലെ ഭാരതമാതാ കോളേജ് പ്രിൻസിപ്പലിന്റെ ഇമെയിൽ സന്ദേശം.
4) 12/04/2021-ലെ സിൻഡിക്കേറ്റ് അഫിലിയേഷൻ ആന്റ് അപ്പ്രൂവൽ ഉപസമിതി യോഗത്തിന്റെ
മിനുറ്റ്സ് ഇനം നം. 66598/AC B7-2/2020.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജായ തൃക്കാക്കര ഭാരതമാതാ കോളേജിന് സ്വയംഭരണ പദവി ലഭിക്കുന്നതിനായി ടി കോളേജിൽ നിന്നും പരാമർശം-1 പ്രകാരം സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 (മൂന്നാം ഭേദഗതി 2014) അധ്യായം IX സെക്ഷൻ 115 (1) പ്രകാരം ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി ആണ് വർഷം തോറും സ്വയംഭരണ പദവിക്കായുള്ള അപേക്ഷകൾ ക്ഷണിക്കുന്നത്. ടി അപേക്ഷകൾ ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി അർഹരായ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിന് ശിപാർശ ചെയ്യുന്നു. സർവകലാശാല ആക്ട് 1985 (മൂന്നാം അമൻഡ്മെന്റ് 2014) സെക്ഷൻ 115 (8) പ്രകാരം ടി ശുപാർശ ബഹു.വൈസ് ചാൻസലർക്ക് ലഭിക്കുന്ന മുറയ്ക്ക് അർഹരായ കൊളേജുകൾക്ക് സ്വയംഭരണ പദവി അനുവദിക്കുന്നതിനുള്ള അപേക്ഷ UGC-ക്ക് ഫോർവേഡ് ചെയ്യുക എന്നതായിരുന്നു ഇക്കാര്യത്തിലെ നടപടിക്രമം. ആയതിനാൽ സ്വയംഭരണ പദവിക്കുള്ള അപേക്ഷ സർവ്വകലാശാലയ്ക്ക് നേരിട്ട് നൽകേണ്ടതില്ലെന്ന് പരാമർശം-2 പ്രകാരം കോളേജിനെ അറിയിച്ചിരുന്നു.

പിന്നീട് യു.ജി.സി.യിൽ നിന്നും ടി കോളേജിനു ലഭിച്ച 08/03/2021-തീയതിയിൽ ഉള്ള കത്തിൽ സർവ്വകലാശാലയുടെ ഫോർവേഡിങ് ലെറ്റർ സഹിതം പ്രൊപോസൽ വീണ്ടും സമർപ്പിക്കുവാൻ കോളേജിനോട് ആവശ്യപ്പെട്ടിരുന്നു. ടി കത്തിന്റെ അടിസ്ഥാനത്തിൽ തൃക്കാക്കര ഭാരതമാതാ കോളേജ് സമർപ്പിച്ച സ്വയംഭരണ പദവിക്കായുള്ള അപേക്ഷയിൽ ഉചിതമായ നടപടികൾ കൈക്കൊള്ളണമെന്ന് ടി കോളേജ് പ്രിൻസിപ്പൽ പരാമർശം-3 മുഖേന വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർവകലാശാലാ നിയമത്തിൽ സ്വയംഭരണ കോളേജുകളെ സംബന്ധിക്കുന്ന അധ്യായത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനായി സംസ്ഥാന സർക്കാർ 26/2/2021 നു ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഓർഡിനൻസ് പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല 1985-ലെ സ്വയംഭരണ കോളേജുകളെ സംബന്ധിച്ച അധ്യായം IX-ലെ ചില വ്യവസ്ഥകളിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ആയതിൻപ്രകാരം സർവകലാശാലാ നിയമത്തിൽ അഫിലിയേറ്റഡ് കൊളേജുകൾക്ക് സ്വയംഭരണ പദവി അനുവദിക്കുന്ന വകുപ്പ് 115-ലെ വ്യവസ്ഥകൾക്കും മാറ്റം വന്നിരിക്കുന്നു. പുതിയ ഓർഡിനൻസിലെ ഇത് സംബന്ധിച്ച വ്യവസ്ഥകൾ പ്രകാരം അപേക്ഷ സ്വീകരിച്ച് ഏഴ് ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റ് അല്ലെങ്കിൽ എക്സിക്യൂട്ടീവ് കൗൺസിൽ അഞ്ച് അംഗങ്ങൾ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കാലാകാലങ്ങളിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ, കോളേജിന്റെ അക്കാദമിക് പ്രകടനം, അടിസ്ഥാന സൗകര്യങ്ങൾ, രഹസ്യാത്മകതയോടും സുതാര്യതയോടും കൂടി വിലയിരുത്തലുകൾ നടത്തുന്നതിന് യോഗ്യതയുള്ള ഫാക്കൽറ്റി സൗകര്യങ്ങൾ, നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ കോളേജ് നിറവേറ്റുന്നുണ്ടോ എന്നിവ ടി കമ്മിറ്റി പരിശോധിച്ച് ഏഴ് ദിവസത്തിനകം റിപ്പോർട്ട് വൈസ് ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.

തൃക്കാക്കര ഭാരതമാതാ കോളേജിന്റെ സ്വയംഭരണ പദവി ലഭിക്കുന്നതിനുള്ള അപേക്ഷ 12/04/2021-ലെ സിൻഡിക്കേറ്റ് അഫിലിയേഷൻ ആന്റ് അപ്രൂവൽ ഉപസമിതി യോഗം പരാമർശം-4 പ്രകാരം പരിഗണിക്കുകയും, ടി വിഷയം പരിശോധിക്കുന്നതിന് ഇൻസ്പെക്ഷൻ കമ്മിറ്റി അംഗങ്ങളായി പ്രൊഫ. (ഡോ. ) സി.റ്റി. അരവിന്ദകുമാർ (പ്രൊ വൈസ് ചാൻസലർ) , അഡ്വ. പി.ഷാനവാസ് (സിൻഡിക്കേറ്റ് അംഗം) , ശ്രീ.ഹരികൃഷ്ണൻ പി. (സിൻഡിക്കേറ്റ് അംഗം), ഡോ.ഷജില ബീവി എസ്. (സിൻഡിക്കേറ്റ് അംഗം), ഡോ.എം.എച്ച്. ഇല്ലിയാസ്, ഡീൻ, സോഷ്യൽ സയൻസസ് (സിൻഡിക്കേറ്റ് അംഗം) എന്നിവരെ നിയമിക്കുന്നതിന് ശിപാർശ ചെയ്തു. ടി ശിപാർശ ബഹു.വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10(17) പ്രകാരം അംഗീകരിച്ചു ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) പ്രൊഫ. (ഡോ.) സി.റ്റി. അരവിന്ദകുമാർ, പ്രൊ വൈസ് ചാൻസലർ
3 ) അഡ്വ. പി.ഷാനവാസ്, സിൻഡിക്കേറ്റ് അംഗം
4 ) ശ്രീ.ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം
5 ) ഡോ.ഷജില ബീവി എസ്., സിൻഡിക്കേറ്റ് അംഗം
6 ) ഡോ.എം.എച്ച്. ഇല്ല്യാസ് , ഡീൻ, സോഷ്യൽ സയൻസസ് (സിൻഡിക്കേറ്റ് അംഗം)
7 )രജിസ്ട്രാർ ,ഫിനാൻസ് ഓഫീസർ ,പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
8 ) പ്രിൻസിപ്പൽ, ഭാരതമാതാ കോളേജ്, തൃക്കാക്കര
9 ) ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
10 ) ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
11 ) അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ22 (പരീക്ഷ )
12 ) ഏസി.സി. സെക്ഷൻ/ ലീഗൽ സെക്ഷൻ
13 ) പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെൽ/ ഐ.ക്യു.എ.സി.
14 ) ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ / ഇ.ഐ.39 സെക്ഷൻ
15 ) സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 66598/AC B7-2/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 19-Apr-2021 07:01 PM - Page 2